**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 827** **12-06-2024 - ൽ മറുപടിയ്ക്ക്**

**പാർപ്പിട സൗകര്യമില്ലാത്ത ആദിവാസി കോളനികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഏതെല്ലാം ആദിവാസി കോളനികളിലാണ് മതിയായ പാർപ്പിട സൗകര്യമില്ലാത്തതെന്ന് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ; | (എ) | പുനരധിവസിപ്പിക്കേണ്ടതും, വ്യക്തിഗത വനാവകാശ രേഖ മാറ്റി നൽകുന്നതിന് (swapping) അപേക്ഷ സമർപ്പിച്ച് മാറി താമസിക്കുന്ന ചില കോളനികളിലും മതിയായ പാർപ്പിട സൗകര്യത്തിന്റെ അപര്യാപ്തത ഉണ്ട്. കൂടാതെ, ഭൂരഹിത ഭവനരഹിതരായി 6441 പട്ടികവർഗ്ഗ കുടുംബങ്ങളെയും, ഭൂമിയുള്ള ഭവനരഹിതരായി 8380 പട്ടികവർഗ്ഗ കുടുംബങ്ങളേയും കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഈ കോളനികളിൽ മതിയായ പാർപ്പിട സൗകര്യം ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (ബി) | നിലവിൽ പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ മുഖേനയാണ് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ച് വരുന്നത്. കൂടാതെ പുനരധിവാസ കോളനിയിൽ റ്റി.ആർ.ഡി.എം മുഖേനയും വീടിന് ധനസഹായം അനുവദിച്ച് വരുന്നു. വനാവകാശ നിയമപ്രകാരം swapping അനുവദിച്ചാൽ മാത്രമേ ചില കോളനികളിൽ ഭവന നിർമ്മാണം സാധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ